ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം-മധുര അന്തർ സംസ്ഥാന റൂട്ട് നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

ബസ്സുകൾ തകർക്കപ്പെട്ടതുകൊണ്ടുള്ള നഷ്ടം

56 [543] ശ്രീ. കെ. മുഹമ്മദാലി:
,, എൻ. ഡി. അപ്പച്ചൻ:
,, വി. ജെ. പൗലോസ്:
,, കെ. ബാബു:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം സമരങ്ങളുടെ പേരിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ തകർക്കപ്പെട്ടു;

(ബി) അതുമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് എന്ത് നഷ്ടം ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 176 ബസ്സുകൾ.

(ബി) നഷ്ടം പൂർണ്ണമായും കണക്കാക്കിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. ബസ്സിനുണ്ടായ തീപിടിത്തം

57 [544] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഇ. എം. അഗസ്തി:
,, ലൂഡി ലൂയിസ്:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂലായ് 30-ന് പത്തനംതിട്ടയ്ക്കടുത്ത് വാര്യാപുരത്ത് ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന് തീപിടിച്ചുവോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) അതിന്റെ പ്രൊപ്പല്ലർ ഷാഫ്ടിന് തകരാറുണ്ടായിരുന്നുവോ;

(ഡി) ഈ തകരാർ ബന്ധപ്പെട്ട മെക്കാനിക്കൽ സ്റ്റാഫിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ;

(ഇ) എങ്കിൽ ആ തകരാർ പരിഹരിച്ചുവോ; എങ്കിൽ എന്ന് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീപിടിച്ച് അപകടം ഉണ്ടായിട്ടുണ്ട്.

(ബി) അമിത വേഗതയും ഡ്രൈവറുടെ അശ്രദ്ധയും കൊണ്ടാണ് തീപിടിച്ചത്.

(സി) ഇല്ലായിരുന്നു.

(ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

ഡ്യൂട്ടി സമയത്ത് അപകടം

58 [545] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 4 വർഷത്തിനിടയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഡ്യൂട്ടി സമയത്ത് അപകടം സംഭവിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഗുരുതരമായി പരിക്കുപറ്റി ജോലി ചെയ്യാൻ കഴിയാത്തവർ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ജോലി ചെയ്യാൻ കഴിയാതെ വരുന്നവർക്ക് എന്ത് സഹായമാണ് ഗവൺമെന്റ് നൽകുന്നത്;

(ഡി) ജോലി ചെയ്യവെ അപകടം പറ്റിയവർക്കുള്ള ചികിത്സ പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കാൻ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ, ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിൽ പരമാവധി 6 മാസത്തെ ലൈറ്റ് ഡ്യൂട്ടി നൽകാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly